(സി) പൈപ്പുലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനും വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ടി എത്ര അപേക്ഷകൾ ഇപ്പോൾ ജല അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട് ;

(ഡി) ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 595 എണ്ണം.

(ബി) ഇവയിൽ ഇപ്പോൾ 351 എണ്ണം പ്രവർത്തനയോഗ്യമാണ്.

(സി) 125 അപേക്ഷകൾ

(ഡി) നിലവിലുള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുന്ന അപേക്ഷകൾക്ക് പദ്ധതിയുടെ ജല സ്രോതസ്സിന്റെ ലഭ്യതയും, നിർദിഷ്ട സ്ഥലത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടാൻ സാങ്കേതികമായ സാദ്ധ്യതയും പരിശോധിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ടാപ്പ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രമേയങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടാപ്പുകൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

**കുഴൽ കിണറുകൾ**

**75 (1987)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-1998, 1998-1999 വർഷങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ തിരുവനന്തപുരം ജില്ലയിൽ എത്ര കുഴൽ കിണറുകൾ വീതം കുഴിക്കണമെന്നാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇതിൽ എത്ര കിണറുകൾ വീതം കുഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ശുദ്ധജലവിതരണ പദ്ധതി പ്രകാരം പ്രസ്തുത കാലയളവിൽ പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികളിലും പൊതുവായും എത്ര പദ്ധതികൾ വീതം ഏറ്റെടുത്തിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഇ) പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിക്കുന്ന പദ്ധതി, ഭൂജലവകുപ്പിനുണ്ടായിരുന്നത് 1996-1997 മുതൽ ജില്ലാ പഞ്ചായത്തിന് കൈമാറുകയുണ്ടായി. എന്നിരുന്നാലും സർക്കാരിന്റെയും നഗരസഭയുടെയും ഫണ്ടുപയോഗിച്ച് 1997-1998-ൽ നൂറ് കുഴൽ കിണറുകളും 1998-1999-ൽ അമ്പത് കുഴൽ കിണറുകളും കുഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിനുപുറമേ 1997-1998-ൽ 22 കുഴൽ കിണറുകളും 1998-1999-ൽ 11 കുഴൽ കിണറുകളും കുഴിക്കുവാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1997-1998-ൽ 92 കുഴൽ കിണറുകളും 1998-1999-ൽ 42 കുഴൽ കിണറുകളും 16 ഫിൽറ്റർ പോയിന്റ് വെല്ലുകളും ഭൂജലവകുപ്പ് നിർമ്മിക്കുകയുണ്ടായി. കൂടാതെ 1997-1998-ൽ 19 കുഴൽ കിണറുകളും 1998-1999-ൽ 11 കുഴൽ കിണറുകളും വാട്ടർ അതോറിറ്റി നിർമ്മിക്കുകയുണ്ടായി.

(സി) ഭൂജലവകുപ്പ് ഇത്തരം പദ്ധതികളൊന്നും ഏറ്റെടുത്തിരുന്നില്ല. വാട്ടർ അതോറിറ്റി 1997-1998, 1998-1999 വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്ത പദ്ധതികൾ താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | പ.ജ./പ.വ. പദ്ധതി | പൊതുവായവ |
|---|---|---|
| 1997-1998 | 20 | ഇല്ല |
| 1998-1999 | ഇല്ല | 1 |

(ഡി & ഇ) 1997-1998-ൽ 19 എണ്ണം പൂർത്തിയാക്കി പദ്ധതിയ്ക്കാവശ്യമായ വസ്തുവിന്റെ ഉടമയുടെ സമ്മതം ലഭിക്കുവാൻ വൈകിയതിനാൽ ഒരെണ്ണം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. 1998-1999-ൽ ഏറ്റെടുത്ത പദ്ധതി 2000-മാണ്ടിലാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

## വേട്ടാഞ്ചിറ ശുദ്ധജല വിതരണ പദ്ധതി

**76 (1988)** ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിലെ വേട്ടാഞ്ചിറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൽ ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇതിന്റെ നിർമ്മാണ പ്രവർത്തനം 90% പൂർത്തീകരിച്ചു. ഇപ്പോൾ ട്രയൽ റണ്ണിംഗ് നടന്നു വരുന്നു.

(ബി) 1999 ആഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പൈപ്പ് ലൈനിന്റെ ഗ്യാപ്പ് കണക്ഷൻ വർക്കുകളും, പൊതുടാപ്പുകൾ ഘടിപ്പിക്കുന്ന പണികളും ലീക്ക് നിവാരണ പണികളും പൂർത്തീകരിക്കുവാനുണ്ട്.

## കല്ലട ജലസേചന പദ്ധതിയിലെ ആർബിട്രേഷൻ

**77 (1989)** ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചനപദ്ധതിയിൽ ആർബിട്രേഷനും അഡീഷണൽ വർക്കും എന്നാണ് നിറുത്തലാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly